**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2490** **07-07-2022 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമം വ്യക്തമാക്കാമോ; | (എ) | സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.നിലവിലുള്ള പദ്ധതിയിൽ കമ്പനികൾ,സഹകരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ,രജിസ്റ്റേഡ് പാർട്ണർഷിപ്പുകൾ എന്നിവയെയാണ് പരിഗണിക്കുക.എന്നാൽ വ്യക്തികളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |
| (ബി) | ഇത്തരത്തിലുള്ള പാർക്കുകൾ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകാറുണ്ടോ , ആയത് സംബന്ധിച്ച് വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് നൽകുന്നില്ല, എന്നാൽ ഇത്തരം പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ 3 കോടി രൂപ വരെ സർക്കാർ ധനസഹായം നൽകുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാർക്കുകൾ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) | സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിച്ചിട്ടില്ല. ആയതിന് ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ